സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - ജീവനക്കാരുടെ അംഗീകൃത സംഘടനയായി തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് കോൺഫെഡറേഷനെ തെരഞ്ഞെടുത്തത് - അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 1031/08/Est-1** നന്തൻകോട് 12/11/2021

---

പരാമർശം :- 1) 18-05-1999 ലെ ROC 4016/97/Est-1 നമ്പർ നോട്ടിഫിക്കേഷൻ.
2) 29-04-2021 ലെ മേൽ നമ്പർ ബോർഡുത്തരവ്.
3) റിട്ടേണിംഗ് ആഫീസറുടെ 02-11-2021 ലെ ROC 12/21/Election നമ്പർ നടപടിക്രമം.
4) ദേവസ്വം കമ്മീഷണറുടെ 06-11-2021 ലെ ROC 87/21/Est-C നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ അംഗീകൃത സംഘടനയെ തെരഞ്ഞെടുക്കുന്നതിനുളള ഹിതപരിശോധന നടത്തുന്നതിന് ദേവസ്വം കമ്മീഷണർ ചെയർമാനായി ഇലക്ഷൻ ബോർഡ് രൂപീകരിച്ച് ബോർഡുത്തരവായി (പരാമർശം -2).

ഇലക്ഷൻ ബോർഡിന്റെ മേൽനോട്ടത്തിൽ 28-10-2021 ൽ വിവിധ ഗ്രൂപ്പുകളിലും ഹെഡ്ഡാഫീസിലും വച്ച് നടന്ന ഹിതപരിശോധനയിൽ തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് കോൺഫെഡറേഷൻ, തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫെഡറേഷൻ, തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ട്, തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് സംഘ് എന്നീ സംഘടനകൾ പങ്കെടുത്തു. വോട്ടെണ്ണൽ 30-10-2021 ൽ നടന്നു.

ആകെ പോൾ ചെയ്ത 4335 വോട്ടുകളിൽ തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് കോൺഫെഡറേഷന് 2138 വോട്ടും തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫെഡറേഷന് 204 വോട്ടും തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ടിന് 1685 വോട്ടും തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് സംഘിന് 291 വോട്ടും ലഭിച്ചു. 17 വോട്ടുകൾ അസാധുവായി(പരാമർശം 3, 4).

(മറുപുറം)

DP

ഈ സാഹചര്യത്തിൽ ഹിതപരിശോധനയിൽ ഏറ്റവും കൂടുതൽ വോട്ട് ലഭിച്ച തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് കോൺഫെഡറേഷൻ -നെ തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ സംഘടനയായി അംഗീകരിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. ~~എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും~~
2. പ്രസിഡന്റ്/സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് കോൺഫെഡറേഷൻ
3. പ്രസിഡന്റ്/സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫെഡറേഷൻ
4. പ്രസിഡന്റ്/സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ട്
5. പ്രസിഡന്റ്/സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് സംഘ്
6. ഇ.ഡി.പി. സെക്ഷൻ
7. സെക്ഷൻ ഫയൽ
8. ഫയൽ ബുക്ക്
9. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK